പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1376

20.01.2014 ൽ മറുപടിക്ക്

## പാചക വാതകത്തിന് സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ ഇ. ചന്ദ്രശേഖരൻ;<br>ശ്രീ. മുല്ലക്കര രത്നാകരൻ;<br>ശ്രീ. പി. തിലോത്തമൻ;<br>ശ്രീമതി ഇ.എസ്. ബിജിമോൾ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | പാചക വാതകത്തിന് സബ്സിഡി ലഭിക്കുന്നതിന് നിബന്ധനകളുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉപഭോക്താക്കൾക്ക് പ്രതിവർഷം പരമാവധി 9 സബ്സിഡി സിലിണ്ടറുകൾ ലഭിക്കുവാൻ അർഹതയുണ്ട്. സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴിയാണ് ലഭ്യമാക്കുന്നത്; |
| (ബി) | പാചക വാതകത്തിന് ഉപഭോക്താവ് നൽകേണ്ട വിലയും സബ്സിഡിയായി ലഭിക്കുന്ന തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | പാചക വാതകത്തിന്റെ വില വിപണി അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരത്ത് സബ്സിഡി ഇല്ലാത്ത സിലിണ്ടറിന് 1300 രൂപയും 814.49 രൂപ സബ്സിഡിയായി ബാങ്കിൽ ലഭിക്കുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്ത് ആകെ എത്ര പാചകവാതക ഉപഭോക്താക്കളുണ്ട്; ഇവരുടെ ആധാർ നമ്പരുകൾ പാചകവാതക കണക്ഷനും ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ? | (സി) | സംസ്ഥാനത്ത് ആകെ 72.57 ലക്ഷം പാചക വാതക ഉപഭോക്താക്കളുണ്ട്. ആധാർ നമ്പരുകൾ പാചക വാതക കണക്ഷനും ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തുന്നതിനുള്ള കാലാവധി 28.02.2014 വരെ ആക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ